ഉള്ളൂരിന്റെ ജന്മവാർഷിക ദിനം

പ്രശസ്ത കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ 149ാമത് ജന്മ വാർഷിക ദിനമാണിന്ന്. സാഹിത്യ ചരിത്രകാരൻ, ഭാഷാഗവേഷകൻ തുടങ്ങിയ വിശേഷണങ്ങളും ഉള്ളൂരിനു ഭൂഷണമാണ്. തിരുവിതാംകൂർ സർക്കാറിന്റെ ചീഫ് സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതിനുപുറമെ സെൻസസ്-ക്ലർക്ക്, തഹസിൽദാർ, മജിസ്ട്രേറ്റ് തുടങ്ങിയ പദവികളും വഹിച്ചു. കേരള സംസ്കാരത്തിലും ഭരണത്തിലും ഒരുപോലെ ഇടപെട്ട മഹാകവിയെന്ന് ഉള്ളൂരിനെ വിശേഷിപ്പിക്കാം.

നാട്ടുവിശേഷം

കെട്ടിടമില്ലാതെ മാടായി പഞ്ചായത്ത് ഓഫിസ്

» ആറര പതിറ്റാണ്ടിനിടയിൽ അഞ്ചാമത്തെ ആസ്ഥാനവും ഒഴിയേണ്ടി വരുന്ന സാഹചര്യത്തിൽ വൻ പ്രതിസന്ധിയിലകപ്പെട്ടിരിക്കയാണ് മാടായി പഞ്ചായത്ത്

പഴയങ്ങാടി: പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിന് ശേഷം മൂന്നു തവണ വാടക കെട്ടിടങ്ങളിലും തുടർന്ന് 1996ൽ സ്വന്തം കെട്ടിടത്തിലും പ്രവർത്തിച്ചതിനു ശേഷം നിലവിൽ വാടകക്ക് മാടായി പഞ്ചായത്ത് ഓഫിസ് പ്രവർത്തിക്കുന്ന വിദ്യാലയത്തിന്റെ കെട്ടിടം ഒഴിയണമെന്ന് സ്കൂൾ മാനേജ്മെന്റ് ആവശ്യപ്പെട്ടു. ഇതോടെ മാടായി പഞ്ചായത്ത് ഓഫിസ് പ്രവർത്തിക്കാൻ കെട്ടിടമില്ലാത്ത പ്രതിസന്ധിയിൽ.

പൊതുമരാമത്ത് ആവശ്യപ്പെടുമ്പോൾ സ്ഥലം തിരിച്ചു നൽകാമെന്ന വ്യവസ്ഥയിൽ 28 വർഷം മുമ്പ് നിർമിച്ച് പഞ്ചായത്ത് ഓഫിസ് പ്രവർത്തിച്ച സ്വന്തം കെട്ടിടം പൊളിച്ചു മാറ്റി, പഴയങ്ങാടി പിലാത്തറ കെ.എസ്.ടി.പി റോഡിൽ പുതിയ പാലം പണിയുന്നതിനായി സ്ഥലം പൊതുമരാമത്ത് വകുപ്പിന് തിരിച്ചു നൽകിയതിനെ തുടർന്നാണ് മാടായി പഞ്ചായത്തിന് സ്വന്തം കെട്ടിടമില്ലാതായത്.

നിലവിൽ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാടായി പഞ്ചായത്ത് ഓഫിസ്

തുടർന്ന് ഒന്നര വർഷത്തോളമായി വാടകാടിസ്ഥാനത്തിൽ മാടായി പഞ്ചായത്ത് ഓഫിസ് പ്രവർത്തിക്കുന്ന ചൈനക്ലേ റോഡിലുള്ള എം.ഇ.സി.എ സ്കൂൾ കെട്ടിടത്തിലാണ്. സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള അൺ എയ്ഡഡ് വിദ്യാലയമായ എം.ഇ.സി.എ സ്കൂളിന്റെ പഠനം നടക്കാത്ത കെട്ടിടമാണ് പഞ്ചായത്തിന് ഓഫിസ് പ്രവർത്തനത്തിനായി വാടകക്ക് നൽകിയത്. എന്നാൽ, ഇത് ചട്ട വിരുദ്ധമാണെന്ന് കാണിച്ച് വിദ്യാഭ്യാസ വകുപ്പ് സ്കൂൾ മാനേജ്മെന്റിനോട് കെട്ടിടം ഒഴിപ്പിക്കാൻ നിർദേശിച്ചു. മൈനോറി കമ്യൂണിറ്റി ഗ്രാന്റ് ലഭ്യമായ വിദ്യാലയ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ ഉപയോഗിക്കരുതെന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെ തുടർന്നാണ് സ്കൂൾ മാനേജ്മെന്റ് കെട്ടിടം ഒഴിയണമെന്ന് മാടായി പഞ്ചായത്തിനോടാവശ്യപെട്ടത്.

ഇതോടെ ആറര പതിറ്റാണ്ടിനിടയിൽ അഞ്ചാമത്തെ ആസ്ഥാനവും ഒഴിയേണ്ടി വരുന്ന സാഹചര്യത്തിൽ വൻ പ്രതിസന്ധിയിലകപ്പെട്ടിരിക്കയാണ് വൻകിട വരുമാനമുള്ള മാടായി പഞ്ചായത്ത്. 82 ലക്ഷം രൂപയാണ് സ്വന്തം കെട്ടിടം പൊളിച്ചു മാറ്റിയ വകയിൽ പൊതുമരാമത്തു വകുപ്പിൽ നിന്ന് മാടായി പഞ്ചായത്തിന് നഷ്ടപരിഹാരമായി ലഭിച്ചിരുന്നത്.

എന്നാൽ, പഞ്ചായത്തിന് സ്വന്തമായി അത്യാധുനിക രീതിയിലുള്ള കെട്ടിടം പണിയുന്നതിന് മുൻ പഞ്ചായത്ത് പ്രസിഡന്റ് സഹീദ് കായിക്കാരൻ പ്രസിഡന്റായുള്ള കഴിഞ്ഞ ഭരണ സമിതി നാലുകോടി രൂപയുടെ ഡി..ആർ തയാറാക്കിയിരുന്നു.

അറ്റകുറ്റപ്പണി കഴിഞ്ഞിട്ട് ഒന്നര മാസം; താവം മേൽപാലത്തിൽ വീണ്ടും കുഴി

താവം മേൽപാലത്തിന്റെ മധ്യത്തിൽ രൂപപ്പെട്ട കുഴി

പഴയങ്ങാടി: ഒരു മാസത്തിലധികം പാത അടച്ച് അറ്റകുറ്റപ്പണിയും ടാറിങ്ങും പൂർത്തീകരിച്ച താവം റെയിൽവേ മേൽ പാലത്തിന്റെ മധ്യഭാഗത്ത് വീണ്ടും കുഴി രൂപപ്പെട്ടു. അനുബന്ധ റോഡിൽ പഴയങ്ങാടി പാലത്തിനടുത്തും ഏതാനും കുഴികൾ രൂപപ്പെട്ടതോടെ കാലവർഷത്തിൽ റോഡ് വീണ്ടും തകരുമോ എന്ന ആശങ്ക പടരുന്നു.

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി പാതയിലെ താവം, പാപ്പിനിശ്ശേരി മേൽ പാലങ്ങളിൽ റോഡിൽ കുണ്ടും കുഴിയും നിറഞ്ഞ് തകർന്നതിനാൽ ഒരു മാസത്തിലധികം റോഡും പാലങ്ങളും അടച്ചിട്ടാണ് അറ്റകുറ്റപ്പണി പൂർത്തീകരിച്ചത്. ഫെബ്രുവരി 14ന് പൂർണമായി ഗതാഗതം നിരോധിച്ച് അടച്ചിട്ട താവം റെയിൽവേ മേൽ പാലം മാർച്ച് 18 നാണ് പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയത്.

ടാറിങ് പൂർണമായും ഇളക്കി മാറ്റി ശാസ്ത്രീയാടിസ്ഥനത്തിലെന്ന അവകാശത്തോടെ മൈക്രോ കോൺക്രീറ്റ് നടത്തി വൻ തുക ചിലവഴിച്ചാണ് അറ്റകുറ്റപ്പണി നടത്തിയത്. എന്നാൽ, പുതിയ കുഴി രൂപപ്പെട്ട സ്ഥലത്ത് ടാറിങ് ഇളകി വലിയ ഗർത്തം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന ആശങ്ക പടർന്നിട്ടുണ്ട്.

ടെമ്പിൾ ലോക പരിസ്ഥിതി ദിനത്തിൽ ദേവാരണ്യം പദ്ധതിയുടെ ഭാഗമായി നന്ത്യാത്രക്കൊവ്വൽ ശിവക്ഷേത്രത്തിൽ മേൽശാന്തി പേർക്കുളം സുബ്രഹ്മണ്യൻ നമ്പൂതിരി വൃക്ഷതൈ നടുന്നു

കെ.എം.സി കേരള പുതുയുഗസഭയുടെ നേതൃത്വത്തിൽ കണ്ണൂർ ഗവ. മെഡിക്കൽ കോളജ് കാമ്പസിൽ വൃക്ഷ തൈ നടൽ ഉദ്ഘാടനം അഡ്വ. രാജീവൻ കപ്പച്ചേരി നിർവഹിക്കുന്നു

പരിസ്ഥിതി ദിനാചരണം

പയ്യന്നൂർ: വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. കേരള പുതുയുഗ സഭയുടെ നേതൃത്വത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കാൻ ഹരിതയുഗത്തിലേക്ക് കാൽവെപ്പ് മുദ്രാവാക്യമുയർത്തി കണ്ണൂർ ഗവ. മെഡിക്കൽ കോളജ് കാമ്പസിൽ വൃക്ഷ തൈകൾ നട്ടു.

ചെയർമാൻ അഡ്വ. രാജീവൻ കപ്പച്ചേരി ഉദ്ഘാടനം നിർവഹിച്ചു.

പയ്യന്നൂർ മുനിസിപ്പൽ തല ഉദ്ഘാടനം കോറോം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ മുനിസിപ്പൽ ചെയർമാൻ അഡ്വ. സരിൻ ശശി നിർവഹിച്ചു. വൈസ് ചെയർപേഴ്സൻ പി. ശ്യാമള അധ്യക്ഷതവഹിച്ചു. സ്കൂൾ എൻ.എസ്.എസ് യൂനിന്റെ ആഭിമുഖ്യത്തിലുള്ള ചെണ്ടുമല്ലി കൃഷിക്കും തുടക്കം കുറിച്ചു.

കേന്ദ്ര സംസ്കൃത സർവകലാശാലയുടെ കീഴിലുള്ള പിലാത്തറ സംസ്കൃത കോളജിലെ പരിസ്ഥിതി ദിനാചരണം വിദ്യാർഥികൾക്ക് വൃക്ഷതൈ നൽകി പയ്യന്നൂർ കോളജ് സംസ്കൃത വിഭാഗം മുൻ അധ്യക്ഷൻ ഡോ. പി. മനോഹരൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ടി. കെ. കൃഷ്ണകുമാർ അധ്യക്ഷതവഹിച്ചു.

ഡി.വൈ.എഫ്.ഐ ബ്ലോക്ക് കമ്മിറ്റി ലോക പരിസ്ഥിതി ദിനാചരണം പയ്യന്നൂർ ചിൽഡ്രൻസ് പാർക്കിൽ വൃക്ഷ തൈ നട്ട് ജില്ല സെക്രട്ടറി അഡ്വ. സരിൻ ശശി ഉദ്ഘാടനം നിർവഹിച്ചു. സി. വി. റഹിനേജ് അധ്യക്ഷതവഹിച്ചു.

കടന്നപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ വൃക്ഷതൈ നടീൽ പൂന്തോട്ട നിർമാണം, പരിസ്ഥിതി ദിന ക്വിസ്, പോസ്റ്റർ രചന എന്നിവ സംഘടിപ്പിച്ചു.

നാടക പരിസ്ഥിതി പ്രവർത്തകൻ കെ.കെ. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് പി.വി. രാജേഷ് അധ്യക്ഷതവഹിച്ചു.

സി.എം.പി പിലാത്തറ ഏരിയ കമ്മിറ്റി കുഞ്ഞിമംഗലം പഞ്ചായത്തിലെ പരിസ്ഥിതി പ്രവർത്തകരായ പി.പി. രാജൻ, വി.വി. സുരേഷ് എന്നിവരെ ആദരിച്ചു. ജില്ല സെക്രട്ടറി സുധീഷ് കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ഏരിയ സെക്രട്ടറി സി. ശിവദാസൻ അധ്യക്ഷതവഹിച്ചു.

കേളകം: പരിസ്ഥിതി ദിനത്തിൽ നാഷനൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിങ് പദ്ധതി വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ സുനിത രാജു ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ഷിജി സുരേന്ദ്രൻ അധ്യക്ഷതവഹിച്ചു.

ഇരിട്ടി: പായം പഞ്ചായത്തിന്റെ നേതൃത്വത്തിൽ പെരുപ്പറമ്പ് ഇക്കോ പാർക്കിൽ വൃക്ഷതൈ നട്ടു. പായം പഞ്ചായത്ത് പ്രസിഡന്റ് എം. വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു. ജെ. സി. ഐ ഇരിട്ടിയുടെ നേതൃത്വത്തിൽ പെരുമ്പറമ്പ് ഇക്കോ പാർക്കിൽ വൃക്ഷത്തൈകൾ നട്ടു. കേരള സഹകരണ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന 'തണൽ' പരിപാടിയുടെ താലൂക്ക് സഹകരണ സർക്കിൾ തല ഉദ്ഘാടനം പുന്നാട് എൽ.പി സ്കൂൾ പരിസരത്ത് ഫലവൃക്ഷത്തൈ നട്ടുകൊണ്ട് പുന്നാട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി. കുട്ട്യപ്പ നിർവഹിച്ചു.

ലെൻസ്ഫെഡിന്റെ നേതൃത്വത്തിൽ പെരുമ്പറമ്പ് ഇക്കോ പാർക്കിൽ വൃക്ഷത്തൈ നടലും ഹരിത കർമ്മ സേന അംഗങ്ങളെ ആദരിക്കലും നടത്തി.

പെരുമ്പറമ്പ് ഇക്കോ പാർക്കിൽ വനം വകുപ്പ് സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ കണ്ണൂർ, സോഷ്യൽ ഫോറസ്റ്റ് തലശ്ശേരി, പായം ഗ്രാമപഞ്ചായത്ത്, ഗ്രാമ ഹരിത സമിതി എന്നിവയുടെ നേതൃത്വത്തിൽ ഇക്കോ ഷോപ്പ് തുറന്നു. പായം പഞ്ചായത്ത് പ്രസിഡന്റ് എം വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു.

മാർച്ചന്റ്സ് വെൽഫെയർ കോ ഓപറേറ്റീവ് സൊസൈറ്റി ഇരിട്ടി പുതിയ ബസ് സ്റ്റാൻഡിൽ വൃക്ഷതൈ നട്ടു. സംഘം പ്രസിഡന്റ് റഫീഖ് ഗ്രീഷ്മ ഉദ്ഘാടനം ചെയ്തു. ആറളം ഹയർസെക്കൻഡറി സ്കൂൾ ആറളം സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷത്തൈ നട്ട് പി.ടി.എ വൈസ് പ്രസിഡന്റ് പി. യസീദ് ഉദ്ഘാടനം ചെയ്തു.

മട്ടന്നൂർ: ഹയർ സെക്കൻഡറി സ്കൂളിലെ ഭാരത് സ്കൗട്സ് ആൻഡ് ഗൈഡ്സ് യൂനിറ്റിന്റെ 'മന്ദാരം ഗ്രീൻ മിഷൻ 2026' കൃഷി ഓഫിസർ അനഘ എസ്. നമ്പീശൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ എം.പി. പ്രീതി, മാനേജർ കൃഷ്ണകുമാർ കണ്ണോത്ത്, പ്രസിഡന്റ് ഇ. വി. വിനോദ് കുമാർ, സ്കൗട്ട് മാസ്റ്റർ ദിലീപ് കൊതേരി, ഗൈഡ് ക്യാപ്റ്റൻ കെ.എം. രേഷ്മ എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് തല പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പെരുപ്പറമ്പ് ഇക്കോ പാർക്കിൽ പ്രസിഡന്റ് എം. വിനോദ് കുമാർ വൃക്ഷതൈ നടുന്നു

പയ്യന്നൂർ നഗരസഭ തല പരിസ്ഥിതി ദിനാചരണം കോറോം സ്കൂളിൽ ചെയർപേഴ്സൻ അഡ്വ. സരിൻ ശശി ഉദ്ഘാടനം ചെയ്യുന്നു

അമ്മക്കൊപ്പം വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു

കേളകം: കേളകം തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ അമ്മക്കൊപ്പം വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. മദേഴ്സ് ഫോറം പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. മുൻ ഹെഡ്മാസ്റ്റർ വ്യാസൻ മാസ്റ്റർ പരിസ്ഥിതിദിന സന്ദേശം നൽകി. സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ വിവിധ ക്ലബുകളുടെ ആഭിമുഖ്യത്തിൽ 'അമ്മക്കാലൊരു തണലൊരുക്കാം' പദ്ധതിയുടെ ഉദ്ഘാടനം മാനേജർ ഫാ. സെബിൻ ഐക്കരത്താഴത്ത് നിർവഹിച്ചു. കേളകത്തെ സ്കൂളുകളിൽ ഫല വൃക്ഷ തൈകൾ വിതരണം നടത്തി കൃഷിഭവൻ. എം ജി എം ശാലോം സ്കൂൾ, ലിറ്റിൽ ഫ്ലവർ സ്കൂൾ, ചെറിയമ്പറമ്പ് എന്നിവിങ്ങളിൽ മാവ്, സപൊട്ട ഗ്രാഫ്റ്റുകൾ ആണ് നൽകിയത്. വൈസ് പ്രസിഡന്റ് ബിജു ചാക്കോയുടെ ആദ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് ലിസി ജോസഫ് ചെറിയമ്പറമ്പ് സ്കൂളിൽ പഞ്ചായത്ത് തല ഉദ്ഘാടനം നിർവഹിച്ചു.

തളിപ്പറമ്പ്: പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരള കാർഷിക സർവകലാശാല പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ നടന്ന പരിസ്ഥിതി ദിനാഘോഷം വൃക്ഷ തൈ നട്ടു ടി. കെ. ഗോവിന്ദൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഗവേഷണ കേന്ദ്രം അസോ. പ്രഫസർ എച്ച്.ഡി. വിക്രം, പഞ്ചായത്ത് മെംബമ്പർമാർ, ഗവേഷണ കേന്ദ്ര ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പന്നിയൂർ കൃഷി വിജ്ഞാനകേന്ദ്രം കണ്ണൂർ സംഘടിപ്പിച്ച പരിസ്ഥിതി ദിനാഘോഷം എം.എൽ.എ ടി.കെ. ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. കുറുമാത്തൂർ പഞ്ചായത്ത് മെംബർ സൈദ് അധ്യക്ഷതവഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി എച്ച്.ഡി. നൗഷാദ്, മഞ്ജു പ്രേമരാജൻ, സി.വി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. നഗരസഭയ ഹരിതവൽക്കരണ യജ്ഞം പുളിമ്പറമ്പിൽ ചെയർപേഴ്സൻ പി. കെ. സുബൈർ വൃക്ഷ തൈ നട്ട് ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ കെ. മുഹമ്മദ് ബഷീർ അധ്യക്ഷതവഹിച്ചു. വൈസ് ചെയർപേഴ്സൻ ദീപ രഞ്ജിത്ത് മുഖ്യാതിഥിയായി. പുല്ലായിക്കൊടി ചന്ദ്രൻ, പി.സി. നസീർ, ടി. ബാലകൃഷ്ണൻ, വി. രാഘവൻ, ടി. നിഷ, കെ.പി. സുബൈർ, എ.പി. രഞ്ജിത്ത് കുമാർ എന്നിവർ സംസാരിച്ചു.നഗരസഭ ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി സർസയ്യിദ് കോളജ് എൻ.എസ്.എസ് യൂനിറ്റിൻന്റെ സഹകരണത്തോടെ പരിസ്ഥിതി ദിനാഘോഷവും ഒബ്സർവേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. ഗവ. താലൂക്ക് ആശുപത്രി പരിസരത്ത് ചെയർപേഴ്സൻ പി.കെ. സുബൈർ ഉദ്ഘാടനം ചെയ്തു.

ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ പുല്ലായിക്കൊടി ചന്ദ്രൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൻ ദീപാ രഞ്ജിത്ത് മുഖ്യാഥിതിയായി. തളിപ്പറമ്പ് സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പരിസ്ഥിതി ദിനാചരണം കണ്ണൂർ സർവകലാശാല എൻവിറോൺമെൻറൽ സ്റ്റഡീസ് മേധാവി ഡോ. പ്രദീപൻ പെരിയാട്ട് വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു.

ഇരിട്ടിയിൽ 15 മുതൽ ഗതാഗത പരിഷ്ക്കാരം

ഇരിട്ടി: നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 15 മുതൽ ഗതാഗത പരിഷ്കരണം നടപ്പിലാക്കാൻ ഇരിട്ടി നഗരസഭ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തീരുമാനിച്ചു. ചെയർമാൻ വി. വി നോദ് കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. പയഞ്ചേരി കവലയിൽ മാസങ്ങളായി മിഴയടച്ച സിഗ്നൽ സംവിധാനം പുനഃസ്ഥാപിക്കും.

ടൗണിൽ അരമണിക്കൂറിൽ കൂടുതൽ പാർക്ക് ചെയ്യുന്ന സ്വകാര്യ വാഹനങ്ങൾ ക്രെയിൻ ഉപയോഗിച്ച് മാറ്റാൻ നടപടി സ്വീകരിക്കും. തലശ്ശേരി, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര പോകുന്നവർ വാഹനങ്ങൾ റോഡരികിൽ നിർത്തിയിടുന്നതും ഗതാഗതക്കുരുക്കിന് കാരണമാകുന്നതായി യോഗം വിലയിരുത്തി. ഗതാഗത പരിഷ്കാരം ഫലപ്രദമായി നടപ്പാക്കുന്നതിനായി വളന്റിയർമാരെ നിയോഗിക്കുന്നതും ആലോചനയിലുണ്ട്. നടപടികൾ സ്വീകരിക്കുമെന്ന് നഗരസഭ ഉറപ്പും നൽകി. റോഡ് മുറിച്ചുകടക്കുന്നതിനുള്ള സീബ്രാ ലൈനുകൾ പല ഭാഗങ്ങളിലും മാഞ്ഞുപോയ സാഹചര്യത്തിൽ അവ വീണ്ടും അടയാളപ്പെടുത്താനും തീരുമാനമായി.

നഗരസഭ വൈസ് ചെയർപേഴ്സൻ കെ. സോയ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ വി.പി. അബ്ദുൽ റഷീദ്, പി.വി. ജിഷ, ആർ.കെ. ഷൈജു, കെ. രാജൻ, കൗൺസിലർമാരായ പി.എ. നസീർ, സി. രജീഷ്, ഇരിട്ടി ജോ. ആർ.ടി.ഒ ആന്റണി മൈക്കിൾ, നഗരസഭാ സെക്രട്ടറി കെ. അൻഷിദ്, പി.ഡബ്ല്യു.ഡി ഓവർസിയർ അനുരാജ്, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, വ്യാപാരി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

എം.ഡി.എം.എയുമായി രണ്ടുപേർ പൊലീസ് പിടിയിൽ

നൗഫൽ, സഹദ് മുഹമ്മദ്

പഴയങ്ങാടി: കാറിൽ സഞ്ചരിക്കുകയായിരുന്ന രണ്ടു പേരെ 4.6 ഗ്രാം മാരക ലഹരി മരുന്നായ എം.ഡി.എം.എയുമായി പൊലീസ് പിടികൂ. ഏഴോം പുല്ലാഞ്ഞി സ്വദേശി സി.ടി. നൗഫൽ (47), ഏഴോംമൂല സ്വദേശി എ. സഹദ് മുഹമ്മദ് (28) എന്നിവരെയാണ് മാട്ടൂൽ നോർത്തിൽ വെച്ച് കാർ തടഞ്ഞു നിർത്തി പരിശോധിച്ച് പൊലീസ് പിടികൂടിയത്.

പഴയങ്ങാടി പ്രിൻസിപ്പൽ എസ്.ഐ കെ. സുഹൈലിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘവും എസ്.പിയുടെ കീഴിലുള്ള ഡാൻസാഫ് സംഘവും ചേർന്നാണ് രഹസ്യ വിവരത്തെ തുടർന്ന് ഇവരെ പിടിച്ചത്. ഇവർ സഞ്ചരിച്ച കാർ പൊലീസ് കസ്റ്റഡിയിലെടുത്തു. പ്രതികൾക്കെതിരെ എൻ.ഡി.പി.എസ് നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു കോടതിയിൽ ഹാജരാക്കി.

ഷോപ്പിങ്ങിനായി വരികയായിരുന്ന കുടുംബത്തെ വഴിയിൽ ആക്രമിച്ചു

ചെറുപുഴ: ഇടുങ്ങിയ റോഡിൽ നിർത്തിയിട്ട വാഹനം നീക്കി സൈഡ് നൽകാൻ ആവശ്യപ്പെട്ടതിന് നാലംഗ സംഘം ഷോപ്പിങ്ങിനായി സൂപ്പർ മാർക്കറ്റിലേക്കെത്തിയ കുടുംബത്തെ ആക്രമിച്ചു പരുക്കേൽപ്പിച്ചു. ആക്രമത്തിൽ ഗൃഹനാഥന് പരുക്കേറ്റു. ചെറുപുഴ ടൗണിൽ വെള്ളിയാഴ്ച ഉച്ചക്ക് മൂന്നോടെയായിരുന്നു സംഭവം. ബഹളം കേട്ട് നാട്ടുകാർ ചെറുപുഴ പൊലീസിൽ വിവരം നൽകിയതനുസരിച്ച് പൊലീസെത്തി മൂന്നുപേരെ പിടികൂടി. ഒരാൾ പൊലീസിനെ കണ്ട് ഓടി രക്ഷപ്പെട്ടു.

അക്രമി സംഘം സഞ്ചരിച്ച കാർ കസ്റ്റഡിയിലെടുത്ത് പരിശോധിച്ചപ്പോൾ ഹാർഡ് ബോർഡ് ബോക്സിൽ സൂക്ഷിച്ച നിലയിൽ മദ്യക്കുപ്പികളും കണ്ടെത്തി. പുളിങ്ങോം സ്വദേശികളായ യുവാക്കളെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്.

പഞ്ചാബ് നാഷണൽ ബാങ്ക് ...भरोसे का प्रतीक ! pnb punjab national bank ...the name you can BANK upon !

പഞ്ചാബ് നാഷണൽ ബാങ്ക്, അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ: (ARMB), കോഴിക്കോട്, ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ് ഗോവിന്ദപുരം, കോഴിക്കോട്. Email: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 – ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ – വിൽപന നോട്ടീസ് (15 ദിവസത്തെ)

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെയും പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിച്ച്കൊള്ളുന്നു. ബാങ്കിന് ലഭിക്കാനുള്ള തുക വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന വസ്തുക്കൾ അന്നേ ദിവസം "ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ", "ഏതൊക്കെയാണോ" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബാങ്കിന് ലഭിക്കാനുള്ള കുടിശ്ശിക തുകയും വായ്പക്കാരുടെയും ജാമ്യക്കാരുടെയും വിവരശവിവരങ്ങളും കരുതൽ വിലയും നിരതദ്രവ്യവും തുടങ്ങിയവ താഴെ വിവരിക്കുന്നു.

ക്ര. നം.	ശാഖയുടെ പേര്, അക്കൗണ്ട് നമ്പർ, വായ്പക്കാരൻ/ജാമ്യക്കരുടെ പേരും വിലാസവും	പണയം വച്ചിട്ടുള്ള സ്ഥാവര വസ്തുക്കളുടെ വിവരണം/ ഉടമസ്ഥന്റെ പേര് (വസ്തുക്കളുടെ പണയക്കാർ)	എ) SARFAESI Act 2002 ലെ സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് തീയതി, ബി) കുടിശ്ശിക തുക, സി) SARFAESI Act 2002 ലെ സെക്ഷൻ 13(4) പ്രകാരം കൈവശാവകാശ തീയതി, ഡി) കൈവശത്തിന്റെ സ്വഭാവം: പ്രതീകാത്മകം/ഭൗതികം/ക്രിയാത്മകം
1	**BO: പയ്യന്നൂർ, കണ്ണൂർ A/c പേര് സി എം ട്രേഡേഴ്സ്, A/c. No.4334008700000630, 4334001L00000122** **എ) സി എം ട്രേഡേഴ്സ്, ബി) 1) ശ്രീമതി. മറിയുമ്മ എം, W/o. Late മുഹമ്മദ് അലി,** റൈഹാന മൻസിൽ, വെള്ളൂർ പയ്യന്നൂർ പിൻ 670307, **2) ശ്രീമതി. റൈഹാനാഥ് എം,** D/o. Late മുഹമ്മദ് അലി, റൈഹാന മാൻഷൻ, വെള്ളൂർ പി.ഒ., പയ്യന്നൂർ, പിൻ 670307 **3) ശ്രീ. മുഹമ്മദ് കുഞ്ഞി എം,** S/o. Late മുഹമ്മദലി സീതിരകത്ത്, മൂപ്പന്തകത്ത് ഹൗസ്, വ